# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/5374/1999 തീയതി: 16-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. കാനാ എഞ്ചിനീയറിംഗ് - കൈമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 30-11-01 - ലെ ബി1/5374/99-ാം നമ്പർ നടപടിക്രമം.

6) സർക്കാർ കത്ത് നമ്പർ 22841/എഫ്1/2013 / വ്യവ. തീയതി 02-12-13.

7) ശ്രീ. കെ.ഐ എബ്രഹാം, ശ്രീ അജിത് കുമാർ എന്നിവരുടെ 02-07-14 ലെ അപേക്ഷകൾ.

8) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/വ്യവ. തീയതി 24-05-17.

9) വ്യവസായ വാണിജ്യ ഡയറക്ടറുടെ 27-10-16 ലെ അനൗദ്യോഗിക കത്ത് നമ്പർ ഐ.ഡി1/13277/16.

10) 05-10-17 ലെ DILAC തീരുമാനം.

11) ഈ ഓഫീസിലെ 02-11-17 ലെ ഇതേ നമ്പർ കത്ത്

12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി2/22262/2017 -ാം നമ്പർ കത്ത്

13) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-06-18 ലെ ഐ.ഡി2/22262/2017 -ാം നമ്പർ കത്ത്

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 ൽ പെട്ട 2 സെന്റ് സ്ഥലം ശ്രീ.കെ.ഐ എബ്രഹാം, കുന്നേൽ ഹൗസ്, ചിങ്ങവനം പി.ഒ എന്നയാൾക്ക് ഗേറ്റ്, ഗ്രിൽ എന്നിവയുടെ നിർമ്മാണത്തിനായി മെ.കാനാ എഞ്ചിനീയറിംഗ് എന്ന പേരിൽ സൂചന 5 പ്രകാരം അനുവദിച്ചു നൽകിയിരുന്നു. മാർക്കറ്റിലുണ്ടായ ബുദ്ധിമുട്ടുകളും ശ്രീ.കെ.ഐ എബ്രഹാമിന്റെ അനാരോഗ്യവും മൂലം യൂണിറ്റ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ യൂണിറ്റും സ്ഥലവും ശ്രീ.അജിത്കുമാർ, മഠത്തിൽപറമ്പിൽ ഹൗസ്, പൂവൻതുരുത്ത് പി.ഒ യ്ക്ക് കൈമാറുന്നതിന് ശ്രീ.കെ.ഐ എബ്രഹാമും പ്രസ്തുത യൂണിറ്റ് മെ. എ & എസ് എഞ്ചിനീയനിംഗ് വർക്സ് എന്ന പേരിൽ ഗേറ്റ്, ഗ്രിൽ, മോൾഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി ശ്രീ. അജിത് കുമാറും 01-11-10 ൽ അപേക്ഷ സമർപ്പിച്ചിരുന്നു.

യൂണിറ്റിന് എംഎംഎൽ/ഇ.എസ്.എസ്/എസ്.ഐ.എസ് അനുവദിച്ചിട്ടില്ല. യൂണിറ്റിന്റെ പേരിൽ ആർ.ആർ നടപടികൾ നിലവിൽ ഇല്ലെന്ന ആർ.ആർ തഹസീൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ കൈമാറ്റത്തിന് അനുമതി ലഭിക്കുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും 15-10-12 ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് അയച്ചുകൊടുത്തിരുന്നു.

ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാതിരുന്നതിനാൽ കൈമാറ്റ ഉത്തരവ് നൽകിയിരുന്നില്ല. 02-07-14 ൽ അപേക്ഷ പുന:സമർപ്പിച്ചിരുന്നു.

26-10-14 ൽ ശ്രീ.കെ.ഐ എബ്രഹാം മരണപ്പെട്ടതിനെതുടർന്ന് സൂചന (9) മുഖേന ലഭ്യമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക്ലിസ്റ്റ് പ്രകാരമുള്ള രേഖകളോടൊപ്പം ശ്രീ.കെ.ഐ എബ്രഹാമിന്റെ മരണസർട്ടിഫിക്കറ്റും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റും സമർപ്പിച്ചിരുന്നു. യൂണിറ്റ് കൈമാറുന്നതിന് എതിർപ്പില്ല എന്ന അനന്തരവാകാശികളുടെ സത്യവാങ്മൂലം ലഭ്യമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 05-10-17 ലെ DILAC

യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (11) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്ത് അയയ്ക്കുകയും ചെയ്തിരുന്നു.

സൂചന (12) പ്രകാരം ഡി.എ/ഡി.പി കളിലെ, അസൈൻമെന്റ് ലഭിക്കാത്ത യൂണിറ്റുകളുടെ കൈമാറ്റം/ഘടനാമാറ്റം എന്നിവ അംഗീകരിച്ചു നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് സൂചന (13) പ്രകാരം അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും തിരികെ ലഭിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ മെ. കാനാ എഞ്ചിനീയറിംഗ് - ന്റെ കൈമാറ്റം അനുവദിച്ചു ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 - ൽ പെട്ടതും ശ്രീ.കെ.ഐ എബ്രഹാമിന് ഗേറ്റ്, ഗ്രിൽ എന്നിവയുടെ നിർമ്മാണത്തിനായി അനുവദിച്ചതുമായ 2 സെന്റ് സ്ഥലവും മെ. കാനാ എഞ്ചിനീയറിംഗ് എന്ന യൂണിറ്റും ശ്രീ.അജിത് കുമാർ, മഠത്തിപ്പറമ്പിൽ, പൂവൻതുരുത്ത് എന്ന സംരംഭകന് മെ. എ.& എസ് എഞ്ചിനീയറിംഗ് വർക്സ് എന്ന പേരിൽ ഗേറ്റ്, ഗ്രിൽ, മാറ്റ് മോൾഡ്, റിപ്പയർ & മെയിന്റനൻസ് ഓഫ് മെഷിനറീസ് എന്നിവയ്ക്കായി ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

1) ശ്രീ. അജിത്കുമാർ സൂചനയിൽ പറഞ്ഞിരിക്കുന്ന ഉത്തരവുകൾ പ്രകാരം സർക്കാരുമായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.
3) ഉത്തരവുതീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ ആക്ടിവിറ്റി/ഘടനാമാറ്റം/ കൈമാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്നുള്ള സത്യവാങ്മൂലം ശ്രീ.അജിത്കുമാർ സമർപ്പിക്കേണ്ടതാണ്.
4) സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസ് അടയ്ക്കേണ്ടതാണ്.

എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളിലെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. അജിത്കുമാർ, മഠത്തിൽപറമ്പിൽ ഹൗസ്, പൂവൻതുരുത്ത് പി.ഒ.
2) ശ്രീ.ബിജു എബ്രഹാം, കുന്നേൽ ഹൗസ്, ചിങ്ങവനം പി.ഒ.
3) ശ്രീ. ബിനു എബ്രഹാം, കുന്നേൽ ഹൗസ്, ചിങ്ങവനം പി.ഒ.,
4) ശ്രീ.ജിനു എബ്രഹാം, കുന്നേൽ ഹൗസ്, ചിങ്ങവനം പി.ഒ.,

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 23-07-18